# ശിംശോൻ

## ന്യായാധിപന്മാർ 16:5

"നീ അവനെ വശീകരിച്ചു അവന്റെ മഹാശക്തി ഏതിൽ എന്നും ഞങ്ങൾ അവനെ പിടിച്ചു കെട്ടി ഒതുക്കേണ്ടതിനു എങ്ങനെ സാധിക്കും എന്നും അറിഞ്ഞുകൊൾക."

ആത്മീക വീരന്മാരായിരുന്ന അനേകർ ജീവിതത്തിൽ തോറ്റു, ശക്തിഹീനരായി സാധാരണ ജനങ്ങളെപ്പോലെ ആയ ചരിത്രം ഉണ്ട്. തോൽവിയുടെ രഹസ്യം കണ്ടെത്തുന്നത് ദൈവ മക്കളുടെ ജീവിതത്തിന് സഹായകമാണ്. അങ്ങനെ അമാനുഷിക ശക്തിയുള്ള ഒരു പുരുഷൻ ആയിരുന്നു ശിംശോൻ. തന്റെ ശത്രുക്കൾക്ക് പോലും ഭീതി വിഷയമായി മാറിയ പുരുഷൻ. ശിംശോന്റെ മേൽ ദൃഷ്ടിവെച്ച ഓരോ നിമിഷവും ശത്രു അവന്റെ ശക്തിയുടെ രഹസ്യം ആന്വേഷിച്ചു.

വിശ്വാസിയുടെ ജീവിതത്തിലും ഇത് പരമാർത്ഥം തന്നെ. ദൈവത്തിനു വേണ്ടി സമർപ്പിച്ചവരെ പിടിച്ചൊതുക്കുക എന്നതാണ് ശത്രു സൈന്യത്തിന്റെ പദ്ധതി. അതിനായി അവൻ ആത്മീകന്റെ ബലഹീനതയിൽ കൂടി പ്രവർത്തിക്കും. ശിംശോൻ ഒരു നാസീർ വ്രതക്കാരനായിരുന്നു. നാസീർ വ്രതക്കാരൻ വീഞ്ഞു കുടിക്കാതെയും, ലോകത്തിലെ സന്തോഷവും സുഖവും ത്യജിക്കുന്നവനുമായിരിക്കണം എന്നതായിരുന്നല്ലോ ദൈവിക പ്രമാണം. മുടി വളർത്തുന്നത് പുരുഷന് അപമാനമായിരുന്നു. എന്നാൽ മുടി വളർത്തുന്നതിലൂടെ ലോകനിന്ദ സഹിയ്ക്കാൻ സന്നദ്ധനായി, തന്നെതന്നെ അശുദ്ധനാകാതെ സൂക്ഷിയ്ക്കാനുള്ള ദൈവികപദ്ധതി ശിംശോനിൽ ഉണ്ടായിരുന്നു. അങ്ങനെ ഉന്നതമായ ആത്മിക ശക്തിയുടെ ഉറവിടമായി നിലകൊണ്ട ശിംശോൻ സോരേക്ക് താഴ്‌വരയിലേക്കിറങ്ങി. ന്യായാധിപന്മാർ 16:4 വായിക്കുന്നു. അവൻ സോരേക്ക് താഴ്‌വരയിൽ ദലീല എന്നു പേരുള്ള ഒരു സ്ത്രീയെ സ്നേഹിച്ചു. അവിടെ ശിംശോന്റെ തോൽവി ആരംഭിച്ചു. വീഴ്ച ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല. ശത്രു പടിപടിയായി ദൈവപൈതലിന്റെ ശക്തിയുടെ ഉറവിടം കണ്ടെത്തി അവനെ ബന്ധനസ്ഥനാക്കി, ശത്രു സൈന്യത്തിന്റെ കാരാഗൃഹത്തിൽ അന്ധനാക്കി, മാവുപൊടിപ്പിക്കുന്ന അവസ്ഥയിലേക്ക് എത്തിക്കും. ശിംശോന്റെ ജീവിതം അതു നമ്മെ പഠിപ്പിക്കുന്നു. ദലീലയീൽ കൂടി പ്രവർത്തിക്കാൻ തുടങ്ങിയ ശത്രുവിന്റെ ശക്തിയെ ശിംശോന് തിരിച്ചറിയാൻ സാധിക്കാതെ പോയി.

വൻ കാര്യങ്ങളെ പ്രവർത്തിക്കുന്നവനെ നശിപ്പിക്കാൻ ശ്രമിക്കുമ്പോൾ ബലഹീനതകളെ കണ്ടുപിടിച്ച് ദൈവശക്തിയിൽ നമ്മെതന്നെ ഉറപ്പിക്കുക എന്നതാണ് പ്രധാനം. ദൈവിക ശക്തിയുടെ കൊടുമുടിയിൽ നിന്ന് സോരേക്ക് താഴവരയിലേക്ക് നയിക്കുന്ന ജഡിക

ബലഹീനതകളെ കണ്ടുപിടിക്കുക. അതു ഓരോ വ്യക്തി ജീവിതത്തിലും വിഭിന്നമാകാം. അത് കർത്താവിനും ദൈവപൈതലിനും മാത്രം അറിയാവുന്ന ഒരു രഹസ്യമാണ്. ദൈവ കൃപയിൽ ആശ്രയിച്ചുകൊണ്ട്, തങ്ങളുടെ പ്രാർത്ഥന ജീവിതത്തെയോ, ദൈവവചനത്തോടുള്ള ബന്ധത്തെയോ, വിശുദ്ധ ജീവിതത്തെ കെടുത്തുന്ന ദലീലമാരെ കണ്ടുപിടിക്കുക എന്ന വലിയ ആഹ്വാനം ശിംശോന്റെ ജീവിതത്തിൽ നിന്ന് ലഭിക്കുന്നു. അതല്ലെങ്കിൽ ശത്രുവിന്റെ ഒളിയമ്പുകൾ പടിപടിയായി ആത്മീകന്റെ ജീവിതത്തെ തകർക്കും. അവന്റെ ശക്തി ക്ഷയിപ്പിക്കും. ആത്മീക അന്ധത പിടിച്ച്, ശത്രുവിനു വേണ്ടി മാവുപൊടിക്കുന്ന ഒരനുഭവം കടന്നുവരാൻ ഇടയാകാതെ ഓരോ നിമിഷവും ദൈവകൃപ പരിപാലിക്കട്ടെ. ശിംശോന്റെ ശക്തിയായിരുന്ന മുടി മുറിച്ചുവെങ്കിലും വീണ്ടും വളർന്നു. ഒരു പ്രാവശ്യം കൂടി ശക്തീകരിച്ചു. അതെ, ഇന്ന് ദൈവിക ശക്തിയിൽ നിറയാൻ സാധിക്കാതെ മുറിച്ചു മാറ്റപ്പെട്ട ജീവിതാനുഭവങ്ങളെ നമുക്ക് ഒന്നു കൂടി ശക്തീകരിക്കാൻ ഏല്പിച്ചു കൊടുക്കാം. ശത്രു സൈന്യത്തിന്റെ ഒളിയമ്പുകൾ, ഓരോ നിമിഷവും ജാഗ്രതയോടെ നേരിടുവാൻ ദൈവീകശക്തിയും, പരിജ്ഞാനവും സദാ സഹായിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പരാമർശം :
ഫിലിപ്പിയർ 4:13
എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 049